**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2655** **17-03-2022 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ പ്രവർത്തനങ്ങൾക്കായി വസ്തു ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അജികുമാർ എ.എൻ., ആനിക്കാക്കുന്നേൽ വീട്, മീൻകെട്ട് എന്നയാളുടെ വസ്തു ഇലക്ട്രിസിറ്റി ബോർഡ് ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഏറ്റെടുത്തിട്ടില്ല. ഏറ്റെടുക്കുന്നതിനുള്ള നടപടി കൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത വസ്തുവിന് പകരമായി ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ള സ്ഥലം പ്രസ്തുത ആൾക്ക് കൈമാറുന്നതിനും വീട് നിർമ്മിക്കുന്നതിനായി തുക അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 22.11.2021 തീയതിയിലെ ബോർഡ് ഓർഡർ പ്രകാരം പള്ളിവാസൽ വില്ലേജിൽ സർവ്വെ 272 നമ്പർ, ബ്ലോക്ക് നമ്പർ 14-ൽ, 4.99 സെന്റ് സ്ഥലവും 4,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 24.11.2021 തീയതിയിൽ സർക്കാർ ഉത്തരവായിട്ടുള്ള താണ്. |
| (സി) | ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ള സ്ഥലം പ്രസ്തുത ആൾക്ക് കൈമാറുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | കാലതാമസം നേരിട്ടിട്ടില്ല. പ്രസ്തുത കെ.എസ്.ഇ.ബി. സ്ഥലം കൈമാറുന്ന നടപടി പുരോഗമിക്കെ ശ്രീ.അജികുമാർ പ്രസ്തുത കെ.എസ്.ഇ.ബി. സ്ഥലം പട്ടയമില്ലാത്ത ഭൂമി ആണെന്നുള്ള കാരണത്താൽ ടി വസ്തു അസ്സയിൻ ചെയ്തു കിട്ടാൻ വേണ്ടി ജില്ലാ കളക്ടറെ സമീപിക്കുകയും അതിനുള്ള നടപടികളുമായി മുന്നോട്ടു പോകുകയും ചെയ്യുകയാണ് ഉണ്ടായത്. 03.03.2022 തീയതി യിൽ ശ്രീ.അജികുമാർ പ്രസ്തുത കെ.എസ്.ഇ.ബി. ഭൂമി, കൈമാറിയാൽ മതിയെന്നും, ആറു മാസത്തിനകം ക്വാർട്ടേഴ്സ് ഒഴിഞ്ഞുകൊള്ളാം എന്ന്, പറഞ്ഞ് കത്തു നൽകിയിട്ടുണ്ട്. അതിൻ പ്രകാരം ഭൂമി രജിസ്റ്റർ ചെയ്യുന്നതിനും കെ.എസ്.ഇ.ബി. ഭൂമി കൈമാറുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ മാസം തന്നെ നടപടികൾ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ